اليوم الآخر- مليالم

# അന്ത്യനാൾ



جمعية الدعوة بالزلفي

جمعية الدعوة والإرشاد وتوعية الجاليات بالزلفي

64

هاتف: ٤٢٣٤٤٦٦ ٠١٦ ـ فاكس: ٤٢٣٤٤٧٧ ٠١٦

# ന്യായവിധിനാൾ

## اليوم الآخر – اللغة المليالم

جمعية الدعوة والإرشاد وتوعية الجاليات في الزلفي
Tel: 966 164234466 - Fax: 966 164234477

# اليوم الآخر

أعده وترجمه إلى اللغة المليالم:

جمعية الدعوة والإرشاد وتوعية الجاليات بالزلفي

الطبعة الرابعة: ١٤٤٢/٩ هـ

ح شعبة توعية الجاليات بالزلفي، ١٤٢٠هـ

فهرسة مكتبة الملك فهد الوطنية أثناء النشر
شعبة توعية الجاليات بالزلفي
اليوم الآخر – الزلفي
٢٤ ص؛ ١٢ × ١٧ سم
ردمك : ٦-٧٤- ٨١٣-٩٩٦٠
(النص باللغة المليالم)
١-القيامة ٢- الجنة والنار
٣- الثواب والعقاب أ. العنوان
ديوى ٢٤٣ ٢٠/٣٧١٤

رقم الإيداع : ٢٠/٣٧١٤
ردمك : ٦-٧٤- ٨١٣-٩٩٦٠

# اليوم الآخر
# ന്യായവിധിനാൾ

*മതവിശ്വാസിയുടെ വിശ്വാസത്തിൻെറ ഭാഗമാണ് പരലോക വി ശ്വാസം. ആ ദിനത്തെ കുറിച്ച് പരിശുദ്ധ ഖുർആനിലും നബി (സ) യുടെ സുന്നത്തിലും വ്യക്തമായി വന്നിട്ടുള്ള കാര്യങ്ങളിൽ വിശ്വ സിക്കാതെ ഒരു മനുഷ്യനും സത്യവിശ്വാസിയാകുകയില്ല. അന്ത്യദിനത്തെ കുറിച്ചുള്ള അറിവും, അതിനെ അധികമായി ഓർക്കലും വളരെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം മനുഷ്യ മനസ്സുകളി ൽ ദൈവിക ഭയഭക്തിയും, അല്ലാഹുവിൻെറ മതത്തിൽ അടിയു റച്ച് നിൽക്കാനുള്ള ധൈര്യവും നൽകുന്ന കാര്യത്തിൽ അതിന് വ ളരെ വലിയ പങ്കുണ്ട്.*

*ആ ദിനത്തിൻെറ ഭയവിഹ്വലതകൾ ഓർത്താൽ ഏതൊരു ഹൃ ദയമാണ് കടുത്തതാകുക!? ഏതൊരു മനസ്സാണ് തെറ്റുകൾ ചെ യ്യാൻ പ്രേരിപ്പിക്കുക!? അല്ലാഹു പറയുന്നു:*

﴿ فَكَيْفَ تَتَّقُوْنَ إِنْ كَفَرْتُمْ يَوْمًا يَّجْعَلُ الْوِلْدَانَ شِيبًا ﴾ (المزّمّل: ١٧)

***എന്നാൽ നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസത്തെ നിങ്ങൾക്ക് എങ്ങ നെ സൂക്ഷിക്കാനാവും? (മുസ്സമ്മിൽ-17)***

﴿ يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّا أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى النَّاسَ سُكَارَى وَمَا هُمْ بِسُكَارَى وَلَكِنَّ عَذَابَ اللَّهِ شَدِيدٌ ﴾

(الحج:١-٢)

*മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കു വിൻ, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്ക രമായ ഒരുകാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുല യൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതി യായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസ വിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർത്ഥത്തിൽ) അവർ ല ഹരി ബാധിച്ചവരല്ല. പക്ഷെ അല്ലാഹുവിന്റെ ശിക്ഷ കഠിന മാകുന്നു. (ഹജ്ജ്: 1-2).*

*പരലോകത്തെ കുറിച്ച് പറയുമ്പോൾ അതിൽ മനുഷ്യന്റെ മ രണവും, അന്ത്യദിനത്തിന്റെ അടയാളവും, മരണാനന്തരം മനുഷ്യ ന് ഖബ്റിൽവച്ചും, ബർസഖിൽ വച്ചും, ലഭിക്കുന്ന ശിക്ഷാ രക്ഷക ളും, അന്ത്യനാളും പുനർജീവിതവും, വിചാരണക്കു വേണ്ടി മനു ഷ്യനെ ഒരുമിച്ചു കൂട്ടലും, ആ ദിനത്തിന്റെ*

ഭയങ്കരതയും, ജന ങ്ങളെ സ്വർഗ്ഗ നരകങ്ങളിലേക്ക് തിരിക്കുന്ന വിധി പ്രഖ്യാപനവും, സ്വർഗ്ഗീയ സുഖങ്ങളും, നരകശിക്ഷയും എല്ലാം ഉൾപ്പെടും.

## മരണം

ജീവനുള്ള എല്ലാ വസ്തുക്കളുടെയും ഈ ലോകത്ത് വച്ചുള്ള അന്ത്യമാണ് മരണം. അല്ലാഹു പറയുന്നു:

﴿ كُلُّ نَفْسٍ ذَائِقَةُ المَوْت ﴾ (آل عمران : ١٨٥)

ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. (ആലു ഇംറാൻ-185)

﴿ كُلُّ مَنْ عَلَيْهَا فَانٍ ﴾ (الرحمن :٢٦)

അവിടെ (ഭൂമുഖത്ത്) യുള്ള എല്ലാവരും നശിച്ചുപോകുന്നവ രാകുന്നു. (അർ-റഹ്മാൻ:26)
അല്ലാഹു നബി (സ) യോട് പറയുന്നു:

﴿ إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ ﴾ (الزمر:٣٠)

തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്ന വരാകുന്നു. (അസ്സുമർ:30)
ഈ ലോകത്ത് ആരും തന്നെ സ്ഥിരവാസികളല്ലെന്ന് സാരം.

﴿ وَمَا جَعَلْنَا لِبَشَرٍ مِّنْ قَبْلِكَ الخُلْدَ ﴾ (الأنبياء:٣٤)

നബിയേ, നിനക്കുമുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല. (അൽ അമ്പിയാ:34)

*മരണം സുനിശ്ചിതമാണ്. നിസ്സംശയം സംഭവിക്കുന്ന കാര്യ വുമാണ്. എന്നാൽ അധികപേരും അതിനെ കുറിച്ച് അശ്രദ്ധരുമാ ണ്. മുസ്‌ലിമായ മനുഷ്യൻ എപ്പോഴും മരണത്തെ ഓർത്തുകൊണ്ടി രിക്കുകയും, അതിന് ഒരുങ്ങുകയും, സമയം പാഴാക്കാതെ ത ന്റെ ഐഹിക ജീവിതത്തിൽ നിന്നും പാരത്രിക ജീവിതത്തിലേക്കു ള്ള യാത്രാവിഭവം തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. നബി (സ) പറഞ്ഞു:*

اغتنم خمسا قبل خمس، حياتك قبل موتك، وصحتك قبل سقمك،

وفراغك قبل شغلك، وشبابك قبل هرمك، وغناك قبل فقرك.

*അഞ്ചു കാര്യങ്ങൾ സംഭവിക്കുന്നതിന് മുമ്പ് നീ അഞ്ചു കാര്യങ്ങ ൾ ഉപയോഗപ്പെടുത്തുക. മരണത്തിനു മുമ്പ് ജീവിതം, രോഗിയാ കുന്ന തിനു മുമ്പ് ആരോഗ്യം, ജോലിത്തിരക്കിനു മുമ്പ് ഒഴിവു സ മയം, വാർദ്ധക്യത്തിനു മുമ്പ് യുവത്വം, ദാരിദ്ര്യത്തിനു മുമ്പ് ഐശ്വ ര്യം എന്നിവ.*

*മയ്യിത്തിന്റെ കൂടെ ഖബ്റിലേക്ക് ഭൗതികവിഭവങ്ങൾ ഒന്നും കൊണ്ടു പോകാറില്ല. തന്റെ പ്രവർത്തനങ്ങൾ മാത്രം കൂട്ടിന്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്തോഷവും, ശിക്ഷയിൽ നിന്നുള്ള മോചനവും ലഭിക്കുവാൻ സൽകർമ്മങ്ങൾ ചെയ്ത് യാത്രാഭക്ഷണം ഒരുക്കുന്നതിൽ നീ വ്യാപൃതനാവുക.*

*മനുഷ്യന്റെ അവധി അല്ലാഹു അല്ലാത്തവർക്കെല്ലാം അജ്ഞാ തമാണ്. താൻ എവിടെവച്ച്, എപ്പോൾ മരിക്കുമെന്ന് ഒരു മനുഷ്യ നും അറിയില്ല. അല്ലാഹുവിനു മാത്രം അറിയാവുന്ന അദൃശ്യകാര്യ*

ങ്ങളിൽ പെട്ടതാണ് ഈ അറിവ്. മരണം ആസന്നമായാൽ അതി നെ തടയുവാനോ, അതിൽ നിന്ന് ഓടി രക്ഷപ്പെടുവാനോ ആർ ക്കും സാദ്ധ്യമല്ല. അല്ലാഹു പറയുന്നു:

﴿ وَلِكُلِّ أُمَّةٍ أَجَلٌ فَإِذَا جَآءَ أَجَلُهُمْ لاَ يَسْتَأْخِرُونَ سَاعَةً وَلاَ يَسْتَقْدِمُونَ﴾ (الأعراف:٣٤)

ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേ രം പോലും വൈകിക്കുകയോ, നേരത്തെയാക്കുകയോ ഇല്ല (അഅ് റാഫ്:34)

സത്യവിശ്വാസിക്ക് മരണം ആസന്നമായാൽ മരണത്തിൻെറ മല ക്ക് അവൻെറ മുമ്പിൽ സുന്ദര രൂപത്തിൽ, സുഗന്ധവുമായി പ്ര ത്യക്ഷപ്പെടും. സ്വർഗ്ഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചു കൊണ്ട് അനുഗ്രഹത്തിൻെറ മലക്കുകളും കൂടെയുണ്ടാകും. അല്ലാ ഹു പറയുന്നു:

﴿ إِنَّ الَّذِينَ قَالُوا رَبُّنَا اللهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ المَلَئِكَةُ أَلاَّ تَخَافُوا وَلاَ تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنْتُمْ تُوعَدُونَ ﴾ (فصّلت:٣٠)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലക്കൊള്ളുകയും ചെയ്തിട്ടുള്ളവരാ രോ,

*അവരുടെ അടുക്കല്‍ മലക്കുകള്‍ ഇറങ്ങി വന്നു കൊ ണ്ട് ഇപ്രകാരം പറയുന്നതാണ്; നിങ്ങള്‍ ഭയപ്പെടുകയോ, ദു:ഖിക്കുകയോ വേണ്ട. നിങ്ങള്‍ക്ക് വാഗ്ദാനം നല്‍കപ്പെ ട്ടിരിക്കുന്ന സ്വര്‍ഗ്ഗത്തെപ്പറ്റി നിങ്ങള്‍ സന്തോഷമടഞ്ഞു കൊ ള്ളുക (ഹാമീം,സജദ:30)*

*അവിശ്വാസിയുടെ മരണവേളയില്‍ ദുര്‍ഗന്ധം വമിക്കുന്ന വ സ്ത്രത്തില്‍, കറുത്ത മുഖവുമായി, ഭയങ്കര രൂപത്തില്‍ മലക്ക് പ്ര ത്യക്ഷപ്പെടും. നരകശിക്ഷ വാഗ്ദാനം ചെയ്തുകൊണ്ട് ശിക്ഷയു ടെ മലക്കുകളും കൂടെവരും. അല്ലാഹു പറയുന്നു:*

﴿ وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ المَوْتِ وَالمَلَئِكَةُ بَاسِطُوا أَيْدِيهِمْ أَخْرِجُوا أَنْفُسَكُمْ اَلْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَقُولُونَ عَلَى اللهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ آيَاتِهِ تَسْتَكْبِرُونَ ﴾ (الأنعام:٩٣)

*ആ അക്രമികള്‍ മരണവെപ്രാളത്തില്‍ ആയിരിക്കുന്ന രംഗം നീ കണ്ടിരുന്നെങ്കില്‍! നിങ്ങള്‍ നിങ്ങളുടെ ആത്മാക്കളെ പു റത്തിറക്കുവിന്‍ എന്ന് പറഞ്ഞുകൊണ്ട് മലക്കുകള്‍ അവരു ടെനേരെ തങ്ങളുടെ കൈകള്‍ നീട്ടിക്കൊണ്ടിരിക്കുകയാണ്. നിങ്ങള്‍ അല്ലാഹുവിന്‍റെ പേരില്‍ സത്യമല്ലാത്തത് പറഞ്ഞു കൊണ്ടിരുന്നതിന്‍റെയും, അവന്‍റെ ദൃഷ്ടാന്തങ്ങളെ അഹ ങ്കരിച്ചു തള്ളിക്കളഞ്ഞിരുന്നതിന്‍റെയും ഫലമായി ഇന്ന് നി*

ങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് (എന്ന് മല ക്കുകൾ പറയും) (അൽ അൻആം:93).

മരണം ആസന്നമായവർക്കെല്ലാം സത്യം ബോധ്യമാവുകയും, കാര്യങ്ങളെല്ലാം വ്യക്തമാകുകയും ചെയ്യും. അല്ലാഹു പറയുന്നു:

﴿ حَتَّى إِذَا جَاءَ أَحَدَهُمُ الْمَوْتُ قَالَ رَبِّ ارْجِعُونِ لَعَلِّي أَعْمَلُ صَالِحًا فِيمَا تَرَكْتُ كَلاَّ إِنَّهَا كَلِمَةٌ هُوَ قَائِلُهَا وَمِنْ وَرَائِهِمْ بَرْزَخٌ إِلَى يَوْمِ يُبْعَثُونَ ﴾ (المؤمنون:٩٩، ١٠٠)

അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അ വൻ പറയും, എന്റെ രക്ഷിതാവേ, ഞാൻ ഉപേക്ഷവരുത്തി യിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ലനിലയിൽ പ്രവർത്തിക്കു വാൻ കഴിയത്തക്ക വിധം എന്നെ (ജീവിതത്തിലേക്ക്) തിരിച്ച യക്കേണമേ. ഒരിക്കലുമില്ല; അതൊരു വെറും വാക്കാണ്, അതവൻ പറഞ്ഞു കൊണ്ടിരിക്കും. അവരുടെ പിന്നിൽ അ വർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസംവരെ ഒരു മറ യുണ്ടായിരിക്കുന്നതാണ്. (അൽ-മുഅ്മിനൂൻ:99-100).

ധിക്കാരിയായ അവിശ്വാസി സൽകർമ്മങ്ങൾ പ്രവർത്തിക്കാൻ വേണ്ടി മരണസമയത്ത്, ജീവിതത്തിലേക്ക് ഒരു മടക്കം ആശിച്ചു പോകും. പക്ഷെ സമയം കഴിഞ്ഞശേഷം സങ്കടപ്പെട്ടിട്ട് ഫലമി ല്ലല്ലോ. അല്ലാഹു പറയുന്നു:

﴿ وَتَرَى الظَّالِمِينَ لَمَّا رَأَوُا الْعَذَابَ يَقُولُونَ هَلْ إِلَى مَرَدٍّ مِّنْ سَبِيلٍ ﴾

(الشورى:٤٤)

*ശിക്ഷ നേരിൽ കാണുമ്പോൾ ഒരു തിരിച്ചു പോക്കിന് വല്ല മാർഗ്ഗവുമുണ്ടോ എന്ന് അക്രമകാരികൾ പറയുന്നതായി നി നക്കു കാണാം (അൽശൂറാ:44)*

*മരണത്തിനു മുമ്പ് ആരുടെയെങ്കിലും അവസാനത്തെ വാക്ക് "ലാഇലാഹ ഇല്ലല്ലാഹ്" ആയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശി ക്കുമെന്നത്, അല്ലാഹു അവൻെറ ദാസന്മാർക്ക് നൽകിയ അനു ഗ്രഹങ്ങളിൽ പെട്ടതത്രെ. നബി (സ) പറഞ്ഞു:*

من كان آخر كلامه من الدنيا "لاَإله إلا الله" دخل الجنة. (أبوداود)

*ഇഹലോകത്തിൽ ആരുടെ അവസാനത്തെ വാക്ക് ലാഇലാഹ ഇല്ല*
*ല്ലാഹ് ആകുന്നുവോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും (അബൂദാ വൂദ്).*

*കാരണം ലാഇലാഹ ഇല്ലല്ലാഹ് എന്ന വാക്യത്തിൽ നിഷ്കളങ്ക മായി വിശ്വസിക്കുന്നവനല്ലാതെ ആ വിഷമഘട്ടത്തിൽ അത് ഉച്ചരി ക്കുവാൻ സാധിക്കുകയില്ല. നിഷ്കളങ്കതയില്ലാത്തവൻ മരണ വെ പ്രാളത്തിൽ ഇത് ഉച്ചരിക്കാൻ മറന്നുപോകും. അതുകൊണ്ടാണ് മ രണം ആസന്നമായവൻെറ അടുക്കൽ ചെന്നാൽ "ലാഇലാഹ ഇല്ല ല്ലാഹ്" ചൊല്ലിക്കൊടുക്കൽ സുന്നത്താക്കപ്പെട്ടിട്ടുള്ളത്.*

# 2-ഖബ്ർ

*നബി(സ) പറഞ്ഞു;*

إن العبد إذا وضع في قبره وتولى عنه أصحابه، إنه ليسمع قرع نعالهم، قال: فيأتيه ملكان فيقعدانه فيقولان له: ما كنت تقول في هذا الرجل؟ قال: فأما المؤمن فيقول: أشهد أنه عبد الله ورسوله، قال: فيقال له: أنظر إلى مقعدك من النار قد أبدلك الله به مقعدا من الجنة. قال  فيراهما جميعا. وأما الكافر أو المنافق فيقال له ما كنت تقول في هذا الرجل؟ فيقول: لا أدري، كنت أقول ما يقول الناس. فيقال له: لا دريت ولا تليت، ويضرب بمطارق من حديد ضربة، فيصيح صيحة يسمعها من يليه إلا الثقلين.

***ഒരു മനുഷ്യനെ ഖബ്റിൽ വച്ചശേഷം തന്റെ കൂട്ടുകാർ പിരി ഞ്ഞു പോയാൽ - അവരുടെ ചെരിപ്പിന്റെ ശബ്ദം അവൻ കേൾ ക്കുന്ന ദൂരം വരെ മാത്രം അവർ അകന്നാൽ -അവന്റെയടുക്കൽ രണ്ട് മലക്കുകൾ വന്ന് അവനെ എഴുന്നേൽപിച്ചിരുത്തും. എന്നിട്ട വർ ചോദിക്കും; ഈ മനുഷ്യനെ (നബിയെ) കുറിച്ച് നീ എന്തായി രുന്നു പറഞ്ഞിരുന്നത്? നബി (സ) പറഞ്ഞു: സത്യവിശ്വാസി പറയും, അദ്ദേഹം അല്ലാഹുവിന്റെ ദാസനും, ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ അവനോട് പറയപ്പെടും; നരക ത്തിൽ നിന്റെ ഇരിപ്പിടം നീ***

*നോക്കൂ, അതിനു പകരമായി അല്ലാ ഹു നിനക്ക് സ്വർഗ്ഗത്തിൽ ഒരു ഇരിപ്പിടം തന്നിരിക്കുന്നു. അവ ര ണ്ടും അവൻ കാണും.*

*എന്നാൽ അവിശ്വാസിയോ, കപടവിശ്വാസിയോ ആണെങ്കിൽ; നീ ഈ മനുഷ്യനെ കുറിച്ച് എന്താണ് പറഞ്ഞിരുന്നതെന്ന് ചോദിക്ക പ്പെട്ടാൽ അവൻ പറയും; എനിക്കൊന്നും അറിയില്ല, ജനങ്ങളെ ല്ലാം പറയുന്നത് ഞാനും പറഞ്ഞു. അവനോട് പറയപ്പെടും, നീ അന്വേഷിക്കകയോ പഠിക്കുകയോ ഇല്ല. ഇരുമ്പിൻെറ ഒരുചുറ്റിക കൊണ്ട് അവൻ അടിക്കപ്പെടും. അപ്പോൾ സമീപത്തുള്ള മനുഷ്യ രും ജിന്നുകളുമല്ലാത്ത എല്ലാവരും കേൾക്കത്തക്ക ഉച്ചത്തിൽ അവ ൻ അട്ടഹസിക്കും.*

*ഖബ്റിൽ മനുഷ്യാത്മാവ് (റൂഹ്) ജഡങ്ങളിലേക്ക് തിരിച്ചുവരു ന്നത് തികച്ചും പാരത്രികവും, ഇഹലോകത്തെ മനുഷ്യ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്തതുമായ കാര്യമാണ്. ഖബ്റുകളിൽ വ ച്ച് വിശ്വാസിയാണെങ്കിൽ രക്ഷയും, അവിശ്വാസിയാണെങ്കിൽ ശി ക്ഷയും നൽകപ്പെടുമെന്ന കാര്യത്തിൽ മുസ്ലിംകൾ ഏകാഭിപ്രായ ക്കാരാണ്. അല്ലാഹു പറയുന്നു:*

﴿ اَلنَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَّعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ ﴾ (المؤمن:٤٦)

*നരകം! രാവിലെയും വൈകുന്നേരവും അവർ അതിന്നു മു മ്പിൽ പ്രദർശിപ്പിക്കപ്പെടും, ആ അന്ത്യദിനം നിലവിൽ വരു ന്ന ദിവസം ഫിർഔൻെറ ആളുകളെ ഏറ്റവും കഠിനമായ*

*ശിക്ഷയിൽ നിങ്ങൾ പ്രവേശിക്കുക (എന്ന് കൽപിക്കപ്പെ ടും). (മുഅ്മിൻ:46)*

*നബി(സ) പറഞ്ഞു:*

تعوّذوا بالله من عذاب القبر (مسلم)

*ഖബ്ർ ശിക്ഷയിൽ നിന്നും നിങ്ങൾ അല്ലാഹുവിനോട് രക്ഷ തേ ടുക. (മുസ്‌ലിം)*

*യഥാർത്ഥബുദ്ധി ഇക്കാര്യം നിഷേധിക്കുകയില്ല. കാരണം ഇതി നോട് തത്തുല്യമായത് മനുഷ്യൻ ഈ ലോകജീവിതത്തിൽ അനുഭ വിക്കുന്നുണ്ട്. ഉറക്കത്തിൽ തനിക്ക് ശിക്ഷ ലഭിക്കുന്നതായി ഒരാൾ ക്ക് അനുഭവപ്പെടുകയും, തൻെറ അടുത്തുള്ളവർ പോലും അറി യാതെ അവൻ അട്ടഹസിക്കുകയും ചെയ്യാറുണ്ട്. ജീവിതത്തിൽ സംഭവിക്കുന്ന ഈകാര്യം മരണശേഷവും ഉണ്ടാകുമെന്നത് തീർച്ച യാണ്.*

*ഖബ്റിൽ വച്ചുള്ള ശിക്ഷ ദേഹത്തിനും ദേഹിക്കും ഒരുമിച്ചായി രിക്കും. നബി (സ) പറയുന്നു:*

القبر أول منازل الآخرة، فإن نجا منه فما بعده أيسر منه، وإن لم ينج منه فما بعده أشد منه. (الترمذي)

*ഖബ്ർ പരലോകത്തിലെ ആദ്യത്തെ വീടാകുന്നു. അതിൽ രക്ഷ കി ട്ടിയാൽ, അതിനു ശേഷമുള്ളവ അതിനെക്കാൾ എളുപ്പമുള്ളതായി രിക്കും. അതിൽ രക്ഷ കിട്ടിയിട്ടില്ലെങ്കിൽ അതിനു ശേഷമുള്ളവ അതിനെക്കാൾ കഠിനമായിരിക്കും. (തുർമുദി)*

*അതുകൊണ്ട് ഓരോ മുസ്ലിമും ഖബ്ർ ശിക്ഷയിൽ നിന്നും ര ക്ഷ തേടിക്കൊണ്ടിരിക്കണം. വിശിഷ്യ നമസ്കാരത്തിൽ സലാമിനു മുമ്പ്. അതുപോലെ തന്നെ നരകശിക്ഷക്കും, ഖബ്ർ ശിക്ഷക്കും ഒന്നാമത്തെ കാരണമായിത്തീരുന്ന എല്ലാ ദോഷങ്ങളിൽ നിന്നും അ കന്നു നിൽക്കാനും അവൻ ശ്രമിക്കണം. ഭൂരിപക്ഷം ജനങ്ങളും ഖ ബ്റിൽ മറവു ചെയ്യപ്പെടുന്നത് കൊണ്ടാണ് ഖബ്ർശിക്ഷ എന്ന പേർ പറയപ്പെടുന്നത്. എന്നാൽ വെള്ളത്തിൽ മുങ്ങിമരിച്ചവൻ, തീ യിലെരിഞ്ഞവൻ, വന്യമൃഗങ്ങൾ തിന്നുകളഞ്ഞവൻ ഇവർക്കെല്ലാം ഈ (മരണത്തിനു ശേഷം ഖിയാമത്തിന്നിടയിലുള്ള) ബർസഖിലെ ശിക്ഷാ രക്ഷകൾ ലഭിക്കും.*

*ഖബ്ർശിക്ഷ വിവിധങ്ങളാണ്. ഇരുമ്പ് ദണ്ഢുകൾ കൊ ണ്ടോ മറ്റോ ഉള്ള അടി, വാരിയെല്ലുകൾ പരസ്പരം കോർക്കപ്പെ ടുന്ന രൂപത്തിൽ ഖബ്ർ കുടുസ്സ് (ഇടുക്കം) ആകൽ, ഖബ്റിൽ ഇ രുട്ട് നിറയൽ, നരകത്തിൽ നിന്നുള്ള ഒരുവിരിപ്പ്, നരകത്തിലേക്ക് ഒരു വാതിൽ തുറന്നു വക്കൽ, അവൻെറ ദുഷ്പ്രവൃത്തികൾ ദുർ ഗന്ധം വമിക്കുന്ന ഒരു വിരൂപിയുടെ രൂപത്തിൽ വന്ന് അവൻെറ കൂടെ ഖബ്റിൽ ഇരിക്കൽ തുടങ്ങിയവ. അവിശ്വാസിയോ, കപട വിശ്വാസിയോ ആണെങ്കിൽ ശിക്ഷ തുടരും. സത്യവിശ്വാസിയാണെ ങ്കിൽ അവൻെറ തെറ്റിനനുസരിച്ച് ശിക്ഷ വ്യത്യാസപ്പെട്ടുകൊണ്ടിരി ക്കുകയും, ചിലപ്പോൾ ശിക്ഷ ഇല്ലാതായിത്തീരുകയും ചെയ്യും. സ ത്യവിശ്വാസിക്ക് ഖബ്റിൽ വിശാലത ലഭിക്കും. ഖബ്റിൽ പ്രകാ ശം നിറയുകയും, ഖബ്റിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ഒരു വാതിൽ തുറക്കപ്പെടുകയും*

ചെയ്യും. അതിലൂടെ സ്വർഗ്ഗത്തിൻെറ സുഗന്ധം അവന്ന് വന്നുകൊണ്ടിരിക്കുകയും, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു വിരിപ്പ് അവന്ന് വിരിക്കപ്പെടുകയും ചെയ്യും. അവൻെറ സൽപ്രവൃത്തികൾ ഒരു സുന്ദരൻെറ രൂപത്തിൽ വന്ന് ഖബ്റിൽ അവന്നു കൂട്ടിനും.

## 3-അന്ത്യനാളും അതിൻെറ അടയാളങ്ങളും

ഈ ലോകം അല്ലാഹു ശാശ്വതമായി സൃഷ്ടിച്ചതല്ല. അത് അവസാനിക്കുന്ന ഒരുനാൾവരും. ഈ ദിനത്തിലാണ് ഖിയാമത് (അന്ത്യ) നാൾ സംഭവിക്കുക. അന്ത്യനാൾ സത്യവും സംശയ രഹിതവുമാണ്. അല്ലാഹു പറയുന്നു:

﴿ وَأَنَّ السَّاعَةَ آتِيَةٌ لَّا رَيْبَ فِيهَا ﴾ (الحج:٧)

അന്ത്യദിനം വരിക തന്നെചെയ്യും, അതിൽ യാതൊരു സംശയവുമില്ല. (ഹജ്ജ്:7)

﴿ وَقَالَ الَّذِينَ كَفَرُوا لَا تَأْتِينَا السَّاعَةُ قُلْ بَلَى وَرَبِّي لَتَأْتِيَنَّكُمْ ﴾

(سبأ :٣)

ആ അന്ത്യസമയം ഞങ്ങൾക്ക് വന്നെത്തുകയില്ലെന്ന് സത്യ നിഷേധികൾ പറഞ്ഞു. നീ പറയുക, അല്ല, എൻെറ രക്ഷിതാവിനെ തന്നെയാണ്, അത് നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്യും. (സബഅ്:3)

﴿ اِقْتَرَبَتِ السَّاعَةُ ﴾ (القمر:١)

*ആ (അന്ത്യ) സമയം അടുത്തു (ഖമർ:1)*

﴿ اِقْتَرَبَ لِلنَّاسِ حِسَابُهُمْ وَهُمْ فِي غَفْلَةٍ مُّعْرِضُونَ ﴾ (الأنبياء:١)

*ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞു കളയുന്ന വരാകുന്നു. (അൽ അമ്പിയാ:1)*

*എന്നാൽ അന്ത്യദിനത്തിൻെറ സാമീപ്യം മനുഷ്യന് സുപരിചിതമാ യ മാനദണ്ഢങ്ങൾ കൊണ്ട് അളക്കുവാൻ സാദ്ധ്യമല്ല. അത് അ ല്ലാഹുവിൻെറ അറിവുമായും, ദുൻയാവിൻെറ കഴിഞ്ഞുപോയ കാ ലവുമായും മാത്രം ബന്ധപ്പെട്ടതാകുന്നു.*

*അന്ത്യനാളിനെ കുറിച്ചുള്ള അറിവ് അല്ലാഹു - അവൻെറ സൃ ഷ്ടികൾക്ക് ആർക്കും നൽകാതെ- സ്വന്തമാക്കി വച്ചിരിക്കുന്ന അ ദൃശ്യ കാര്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:*

﴿ يَسْئَلُكَ النَّاسُ عَنِ السَّاعَةِ قُلْ إِنَّمَا عِلْمُهَا عِنْدَ اللَّهِ وَمَا يُدْرِيكَ
لَعَلَّ السَّاعَةَ تَكُونُ قَرِيبًا ﴾ (الأحزاب:٦٣)

*ജനങ്ങൾ അന്ത്യസമയത്തെ പറ്റി നിന്നോട് ചോദിക്കുന്നു, പ റയുക, അതിനെ പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്ര മാകുന്നു. നിനക്ക് അതിനെപറ്റി അറിവ് നൽകുന്ന എന്തൊ*

ന്നാണുള്ളത്? അന്ത്യസമയം ഒരുവേള സമീപസ്ഥമായിരി ക്കാം. (അൽ അഹ്സാബ്:63)

അന്ത്യദിനം അടുത്തു വരുന്നതിൻെറ പല അടയാളങ്ങളും ന ബി (സ) പറഞ്ഞിട്ടുണ്ട്. അതിൽ പെട്ടതാണ് മസീഹുദ്ദജ്ജാലിൻെറ പുറപ്പാട്. ചില അദ്ഭുത സിദ്ധികളിലൂടെ ജനങ്ങളെ വഞ്ചിതരാ ക്കാവുന്ന കഴിവുകൾ നൽകപ്പെട്ടു കൊണ്ടുള്ള ഒരു വലിയ പരീ ക്ഷണമായിരിക്കും അവൻ. അവൻ ആകാശത്തോട് മഴ വർഷി ക്കാൻ കൽപിച്ചാൽ മഴപെയ്യും. പുല്ലിനോട് മുളക്കാൻ കൽപിച്ചാ ൽ അതു മുളക്കും. മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയ അൽഭുത സിദ്ധികൾ അവൻ കാണിക്കും. അവൻ ഒറ്റക്കണ്ണുള്ളവനായി രിക്കുമെന്ന് നബി (സ) പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിൻെറയും നര കത്തിൻെറയും മാതൃകകൾ അവൻ കൊണ്ടുവരും. സ്വർഗ്ഗമാ ണെന്ന് അവൻ പറയുന്നത് നരകമായിരിക്കും. ഭൂമിയിൽ അവൻ നാൽപത് ദിവസം കഴിച്ചു കൂട്ടും. അതിൽ ഒരുദിവസം ഒരു വർ ഷത്തിൻെറ ദൈർഘ്യവും, ഒരുദിവസം ഒരുമാസത്തിൻെറ ദൈർ ഘ്യവും, ഒരുദിവസം ഒരാഴ്ചയുടെ ദൈർഘ്യവും, ബാക്കിയുള്ള ദി വസങ്ങൾ സാധാരണ ദിവസങ്ങൾ പോലെ ദൈർഘ്യമുള്ളവയും ആയിരിക്കും. ഭൂമിയിൽ മക്കയും മദീനയും ഒഴികെയുള്ള മുഴുവൻ സ്ഥലത്തും അവൻ പ്രവേശിക്കും.

മറ്റൊന്നാണ് ഈസാ (അ) നബിയുടെ വരവ്. അദ്ദേഹം
ഡമസ്കസിൻെറ കിഴക്ക് ഭാഗത്തുള്ള വെള്ളമിനാരത്തിൽ, പ്രഭാത നമസ്കാര സമയത്ത് പ്രത്യക്ഷപ്പെടുകയും, ജനങ്ങളുടെ കൂടെ സുബ്ഹ് നമസ്കരിക്കുകയും

ചെയ്യും. പിന്നീട് ദജ്ജാലിനെ അ ന്വേഷിച്ച് കണ്ടെത്തി അവനെ കൊല്ലുകയും ചെയ്യും.

സൂര്യൻ അതിൻെറ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കൽ മറ്റൊരു അടയാളമാണ്. അപ്പോൾ ജനങ്ങളെല്ലാം പേടിക്കുകയും, വിശ്വസിക്കുകയും ചെയ്യും. എന്നാൽ അന്നേരത്തുള്ള അവരുടെ വിശ്വാസം ഉപകരിക്കില്ല. ഇതുപോലെ വിവിധങ്ങളായ അടയാള ങ്ങൾ അന്ത്യദിനത്തിനുണ്ട്.

അന്ത്യദിനം സംഭവിക്കുമ്പോൾ ദുഷ്ടജനങ്ങൾ മാത്രമേ ഭൂമിയിൽ അവശേഷിക്കുകയുള്ളു. അതിന്ന് മുമ്പായി അല്ലാഹു ഒ രു നല്ല കാറ്റ് അയച്ചുകൊണ്ട് മുഴുവൻ സത്യവിശ്വാസികളുടെയും ആത്മാക്കളെ പിടിക്കുന്നതാണ്. പിന്നീട് സ്വൂറ് (കാഹളം) മുഴക്കാ ൻ ചുമതലപ്പെടുത്തിയ മലക്കിനോട് അതുമുഴക്കുവാൻ അല്ലാഹു കൽപിക്കും. ഭൂമിയും അതിലുള്ള മുഴുവൻ സൃഷ്ടികളെയും നശി പ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരിക്കും ആ ഉത്തരവ്. ആ ശ ബ്ദം കേട്ട മാത്രയിൽ മുഴുവൻ വസ്തുക്കളും ചേതനയറ്റവരാ യിത്തീരും. അല്ലാഹു പറയുന്നു:

﴿ وَنُفِخَ فِي الصُّورِ فَصَعِقَ مَنْ فِي السَّمَوَاتِ وَمن فِي الأَرْضِ إِلاَّ مَنْ شَاءَ اللَّهُ ﴾ (الزمر:٦٨)

കാഹളത്തിൽ ഊതപ്പെടും, അപ്പോൾ ആകാശങ്ങളിലുള്ളവ രും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും. അല്ലാഹു ഉ ദ്ദേശിച്ചവരൊഴികെ (സുമർ:68).

*ഇത് ഒരു വെള്ളിയാഴ്ച ആയിരിക്കും. പിന്നീട് എല്ലാ മലക്കുക ളും മരിക്കും.*

*അല്ലാഹു ഒഴികെ യാതൊന്നും അവശേഷിക്കുകയില്ല. മനുഷ്യ ശരീരത്തിലെ നട്ടെല്ലിൻെറ താഴെഅറ്റത്തുള്ള കടുകു മണിയോളം വലിപ്പമുള്ള ഭാഗം* (Coccyx) *ഒഴികെ ബാക്കിയുള്ളതെല്ലാം മണ്ണു തി ന്ന് നശിപ്പിക്കും. എന്നാൽ പ്രവാചകന്മാരുടെ ശരീരം മണ്ണു തിന്നു കയില്ല. അല്ലാഹു ആകാശത്തുനിന്നും മഴ വർഷിപ്പിക്കുമ്പോൾ ശ രീരങ്ങളെല്ലാം വീണ്ടും ഉണ്ടാകും. പിന്നീട് കാഹളം മുഴക്കുന്ന മല ക്ക് ഇസ്റാഫീലിനെ അല്ലാഹു ജീവിപ്പിക്കും. അദ്ദേഹം വീണ്ടും കാഹളത്തിൽ ഊതിയാൽ എല്ലാ സൃഷ്ടികളെയും അല്ലാഹു ജീവി പ്പിക്കും. ജനങ്ങൾ അവരുടെ ഖബ്റുകളിൽ നിന്നും, അല്ലാഹു അ വരെ ആദ്യം സൃഷ്ടിച്ച രൂപത്തിൽ -നഗ്നരും, ചേലാകർമ്മം ചെ യ്യപ്പെടാത്തവരും, നഗ്നപാദരുമായി- പുറത്തുവരും. അല്ലാഹു പറ യുന്നു:*

﴿ وَنُفِخَ فِي الصُّورِ فَإِذَا هُمْ مِّنَ الأَجْدَاثِ إِلَى رَبِّهِمْ يَنْسِلُونَ ﴾

(يس:٥١)

*കാഹളത്തിൽ ഊതപ്പെടും, അപ്പോൾ അവർ ഖബ്റുകളിൽ നിന്നും അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും. (യാസീൻ:51)*

﴿ يَوْمَ يَخْرُجُونَ مِنَ الأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَى نُصُبٍ يُّوفِضُونَ ﴾

(المعارج:٤٣)

*അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ടു പോകുന്നതുപോലെ ഖബ്റുകളിൽ നിന്ന് അവർ ധൃതിപ്പെട്ട് പുറപ്പെട്ടു പോകുന്ന ദിവസം. അവരുടെ കണ്ണുകൾ കീഴ് പോട്ട് താണിരിക്കും. അപമാനം അവരെ ആവരണം ചെയ് തിരിക്കും. അതാണ് അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം. (മആരിജ്:43-44)*

*ഭൂമിയിൽനിന്ന് ആദ്യമായി പുറത്ത് വരുന്നത് നമ്മുടെ നബി മു ഹമ്മദ് (സ) ആയിരിക്കുമെന്ന് പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു. പിന്നീട് ജനങ്ങളെല്ലാം അതിവിശാലമായ വിചാരണ നിലത്തി (മ ഹ്ശറി) ലേക്ക് നയിക്കപ്പെടും. അവിശ്വാസികൾ അവരുടെ മുഖ ത്തിന്മേൽ ഒരുമിച്ചു കൂട്ടപ്പെടും. എങ്ങനെയാണ് മുഖങ്ങളിൽ ഒരു മിച്ചു കൂട്ടപ്പെടുകയെന്ന് നബി (സ) ചോദിക്കപ്പെട്ടപ്പോൾ, അദ്ദേ ഹം പറഞ്ഞു:*

وقد سئل رسول الله ﷺ: كيف يحشرون على وجههم؟ قال: إن الذي أمشاهم على أقدامهم قادر على أن يمشيهم على وجوههم. (متفق عليه)

*കാലുകളിൽ അവരെ നടത്തിയവൻ മുഖങ്ങളിൽ അവരെ നടത്തു വാൻ കഴിവുള്ളവനാണ് (ബുഖാരി-മുസ്ലിം).*

*ദൈവ സ്മരണയിൽ നിന്നും അകന്നവർ അന്ധരായിട്ടായിരി ക്കും ഒരുമിച്ചു കൂട്ടപ്പെടുക. അന്ന് സൂര്യൻ മനുഷ്യരുടെ വളരെ അടുത്തായിരിക്കും. ഓരോരുത്തരുടെയും പാപങ്ങളുടെ തോതനുസ രിച്ച് മനുഷ്യർ വിയർപ്പിൽ മുങ്ങും.*

നെരിയാണിവരെ വിയർപ്പിൽ മുങ്ങിയവരും, അരക്കെട്ടുവരെ മുങ്ങിയവരും, ശരീരം മുഴുവൻ മുങ്ങിയവരും ഉണ്ടാകും. (മുസ്ലിം)
അല്ലാഹുവിൻെറ സിംഹാസനത്തിൻെറ തണൽ ലഭിക്കുന്നവരും ഉ ണ്ടാകും. നബി (സ) പറഞ്ഞു:

سبعة يظلهم الله في ظله يوم لا ظل إلا ظله: إمام عادل ، وشاب نشأ في طاعة الله ، ورجل قلبه معلق في المساجد ، ورجلان تحابا في الله اجتمعا عليه وتفرقا عليه ، ورجل دعته امرأة ذات منصب وجمال فقال إني أخاف الله ، ورجل تصدق بصدقة فأخفاها حتى لا تعلم شماله ما أنفقت يمينه، ورجل ذكر الله خاليا ففاضت عيناه.

(متفق عليه)

മറ്റൊരു തണലുമില്ലാത്ത ദിവസം ഏഴുവിഭാഗത്തിന് അല്ലാഹു അ വൻെറ തണലേകും. നീതിമാനായ ഭരണാധികാരി, അല്ലാഹുവി ൻെറ കൽപനയനുസരിച്ച് ജീവിച്ച യുവാവ്, ഹൃദയം പള്ളിയുമാ യി ബന്ധപ്പെട്ടിട്ടുള്ളവൻ, ഒരുമിച്ചാകുമ്പോഴും പിരിയുമ്പോഴും അ ല്ലാഹുവിൻെറ മാർഗ്ഗത്തിൽ സ്നേഹിച്ച രണ്ടാൾക്കാർ, സൗന്ദര്യവും തറവാടുമുള്ള ഒരു സ്ത്രീ (വ്യഭിചാരത്തിന്) ക്ഷണിച്ചപ്പോൾ, ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞ് പിന്തിരിഞ്ഞവൻ, ത ൻെറ വലതുകൈ ചിലവഴിച്ചത് ഇടതുകൈ അറിയാത്ത രൂപത്തി ൽ ദാനധർമ്മങ്ങൾ

ചെയ്തവൻ, ഒറ്റക്കിരുന്ന് അല്ലാഹുവിനെ യോർത്ത് കണ്ണുനീർ വാർത്തവൻ. (ബുഖാരി-മുസ്ലിം)
ഇവയിലൊന്നും സ്ത്രീ പുരുഷ ഭേദമില്ല.

ജനങ്ങൾക്ക് കഠിനമായ ദാഹം അനുഭവപ്പെടും. ഒരുദിവസ ത്തിന് അമ്പതിനായിരം വർഷത്തിൻെറ ദൈർഘ്യം അനുഭവപ്പെ ടും. സത്യവിശ്വാസിക്ക് ഒരുനേരത്തെ നമസ്കാരം നിർവഹിക്കുന്ന നേരമായേ തോന്നുകയുള്ളു. മുസ്ലിംകൾ നബി (സ) യുടെ ഹൗ ളിൽ നിന്നും വെള്ളം കുടിക്കും. ആ ഹൗള് നമ്മുടെ നബി (സ)ക്ക് അല്ലാഹു നൽകുന്ന മഹത്തായ ആദരവും, ബഹുമാനവുമാണ്. ഖി യാമത്ത് നാളിൽ അദ്ദേഹത്തിൻെറ സമൂഹം അതിൽ നിന്നും വെ ള്ളം കുടിക്കും. അതിലുള്ള വെള്ളം പാലിനെക്കാൾ വെളുത്തതും, തേനിനെക്കാൾ മാധുര്യമുള്ളതും, കസ്തൂരിയെക്കാൾ സുഗന്ധമു ള്ളതുമാണ്. വെള്ളം കുടിക്കാൻ നക്ഷത്രങ്ങളുടെയത്ര എണ്ണം പാത്രങ്ങളുണ്ട്. അതിൽനിന്ന് ഒരു പ്രാവശ്യം ആരെങ്കിലും കുടി ച്ചാൽ പിന്നീട് അവന് ദാഹം ഉണ്ടാകുകയില്ല. ജനങ്ങൾ തങ്ങളു ടെ വിചാരണയും വിധിയും പ്രതീക്ഷിച്ച് മഹ്ശറിൽ കുറേകാലം നിൽക്കും. ചൂടും വിഷമവും സഹിച്ചുകൊണ്ടുള്ള കാത്തുനിൽപ്പ് ദീ ർഘിക്കുമ്പോൾ, അല്ലാഹുവിൻെറയടുക്കൽ (തങ്ങളുടെ വിധി പറ യാൻ) ശുപാർശ പറയുന്നയാളെ അവർ അന്വേഷിക്കും. അങ്ങ നെയവർ ആദം (അ) നബിയുടെ അടുക്കലെത്തും. അദ്ദേഹം ഒഴി കഴിവ് പറയും. പിന്നീട് യഥാക്രമം നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നീ പ്രവാചകന്മാരെ സമീപിക്കും. അവരെല്ലാം അവരു ടേതായ കാരണങ്ങൾ പറഞ്ഞു ഒഴിയും. അവസാനം അവർ മു ഹെമ്മദ്നബി

(സ) യുടെ അടുക്കൽ ചെല്ലും. അദ്ദേഹം "ഞാനതു ചെയ്യാമെന്ന്" പറയും. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചുകൊ ണ്ട് അവന്റെ സിംഹാസനത്തിന്റെ താഴെ സുജൂദിൽ വീഴും. അ ല്ലാഹു നബി (സ) ക്ക് അറിയിച്ചു കൊടുക്കുന്ന ചില കീർത്തനങ്ങ ളാൽ അല്ലാഹുവെ അദ്ദേഹം സ്തുതിക്കും. അപ്പോൾ അദ്ദേഹ ത്തോട് പറയപ്പെടും; മുഹമ്മദേ, താങ്കൾ തല ഉയർത്തുക, താങ്ക ൾ ചോദിച്ചു കൊള്ളുക, നൽകപ്പെടും. താങ്കൾ ശുപാർശ ചെ യ്യുക, സ്വീകരിക്കപ്പെടും. അങ്ങനെ അല്ലാഹു വിചാരണയും വിധി യും നടത്തും. മുഹമ്മദ് നബി (സ) യുടെ സമുദായമായിരിക്കും ആദ്യം വിചാരണക്കു വിധേയരാകുക.

أوّل ما يحاسب عنه العبد من أعماله الصلاة، فإن صلحت وقبلت نظر في سائر عمله، وإن ردت رد سائر عمله. (الموطأ)

ഓരോ മനുഷ്യന്റെയും നമസ്കാരമായിരിക്കും ആദ്യം വിചാരണ ചെയ്യപ്പെടുക. അതു സ്വീകാര്യമായാൽ മറ്റെല്ലാം സ്വീകാര്യമായിത്തീ രും. അതു തള്ളപ്പെട്ടാൽ മറ്റെല്ലാം തള്ളപ്പെടും (അൽ മുവത്വഅ്).

അതുപോലെ അഞ്ചുകാര്യങ്ങളെ കുറിച്ച് മനുഷ്യൻ ചോദിക്ക പ്പെടും.

(يسأل عن عمره فيما أفناه، وعن شبابه فيما أبلاه، وعن ماله من أين اكتسبه وفيم أنفقه، وعن علمه ماذا عمل به)

ആയുഷ്കാലം എങ്ങനെ ചെലവഴിച്ചു? യുവത്വം എങ്ങനെ കഴി ച്ചു കൂട്ടി? ധനം; എങ്ങനെ സമ്പാദിച്ചു? എങ്ങനെ ചെലവഴിച്ചു? അറിവ്; അതു കൊണ്ട് എന്തെല്ലാം പ്രവർത്തിച്ചു? (ബുഖാരി-മുസ്ലിം)

മനുഷ്യർക്കിടയിൽ ആദ്യമായി വിധിനടപ്പാക്കപ്പെടുക രക്തത്തി (ജീവ) ന്റെ കാര്യത്തിലാണ്. അന്ന് തിന്മകൾക്ക്, നന്മകൾ പക രം നൽകിക്കൊണ്ടായിരിക്കും പ്രതികാരം. ഒരാളുടെ നന്മകൾ എ ടുത്ത്, താൻ പാതകം ചെയ്തയാൾക്ക് കൊടുക്കപ്പെടും. അങ്ങ നെ അവന്റെ നന്മകൾ തീർന്നുപോയാൽ അപരന്റെ കുറ്റങ്ങൾ ഒന്നാമന് നൽകപ്പെടും. വിചാരണക്കു ശേഷം സ്വിറാത് സ്ഥാപി ക്കപ്പെടും. മുടിയെക്കാൾ നേരിയതും, വാളിനെക്കാൾ മൂർച്ചയേറി യതുമായി നരകത്തിന് മുകളിൽ തീർക്കപ്പെടുന്ന ഒരു വഴിയാണ് സ്വിറാത്. ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ച് മനുഷ്യർ അതിലൂടെ കടന്നുപോകും. കണ്ണിമവെട്ടുന്ന വേഗതയിലും, കാറ്റി ന്റെ വേഗതയിലും, കുതിരയുടെ വേഗതയിലും, ഇഴഞ്ഞുകൊണ്ട് പോകുന്നവരും അവരിലുണ്ടാകും. സ്വിറാത്തിന്മേൽ മനുഷ്യരെ പിടി ച്ച് നരകത്തിൽ ഇടുന്ന കൊളുത്തുകൾ ഉണ്ടായിരിക്കും. സത്യനി ഷേധികളും, അല്ലാഹു ഉദ്ദേശിച്ചവരായ വിശ്വാസികളിലെ പാപിക ളും നരകത്തിൽ വീഴും. സത്യനിഷേധികൾ നരകത്തിൽ സ്ഥിരവാ സികളായി മാറും. പാപികളായ വിശ്വാസികൾ അല്ലാഹു ഉദ്ദേശി ക്കുന്നത്ര കാലം ശിക്ഷ അനുഭവിച്ച ശേഷം നരകത്തിൽ നിന്ന് പുറത്തുവന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കും.

നരകത്തിൽ പ്രവേശിച്ച ഏകദൈവ വിശ്വാസികളായ ചിലർ ക്കു വേണ്ടി ശുപാർശ ചെയ്യാൻ നബിമാർക്കും, സ്വാലിഹുകൾ ക്കും അല്ലാഹു അനുവാദം നൽകും. അങ്ങനെ അവരെയും അ ല്ലാഹു നരകത്തിൽ നിന്ന് പുറത്തെടുക്കും. സ്വർഗ്ഗവാസികളിൽ ചി ലർ സ്വിറാത്തിലൂടെ പോകുമ്പോൾ -അവരിൽ ചിലർക്ക് ചിലരോ ടുള്ള പ്രതികാരം എടുക്കുന്നതിന് - സ്വർഗ്ഗത്തിനും നരകത്തിനും ഇ ടയിൽ നിന്നു പോകും. തന്റെ സഹോദരനിൽ നിന്നും അതിക്ര മിച്ചെടുത്ത വല്ലതും ഉണ്ടെങ്കിൽ അതിനു പ്രതികാരം ചെയ്ത് ആ ത്മശുദ്ധീകരണം നടത്തിയ ശേഷമേ അവർ സ്വർഗ്ഗത്തിൽ പ്രവേ ശിക്കുകയുള്ളു.

സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും, നരകവാസികൾ നരകത്തിലും പ്രവേശിച്ചുകഴിഞ്ഞാൽ:

ഒരു ആടിന്റെ രൂപത്തിൽ മരണത്തെ ഹാജറാക്കപ്പെടും. സ്വർ ഗ്ഗ- നരകങ്ങളുടെ ഇടയിൽവച്ച്, അതിലെ ആൾക്കാർ കാണത്തക്ക വിധം അതിനെ അറുക്കും. പിന്നീട് പറയപ്പെടും; സ്വർഗ്ഗക്കാരേ, നിങ്ങൾ ശാശ്വതരാണ്, നിങ്ങൾക്കിനി മരണമില്ല. നരകക്കാരേ, നിങ്ങളും ശാശ്വതരാണ്, നിങ്ങൾക്കും മരണമില്ല (തുർമുദി).

അപ്പോൾ സന്തോഷാധിക്യത്താൽ ആരെങ്കിലും മരിക്കുമെങ്കിൽ സ്വർഗ്ഗവാസികൾ മരിക്കുമായിരുന്നു. ദുഃഖത്തിന്റെ കാഠിന്യത്താൽ ആരെങ്കിലും മരിക്കുമായിരുന്നെങ്കിൽ നരകവാസി മരിക്കുമായി രുന്നു.

# നരകശിക്ഷ

അല്ലാഹു പറയുന്നു:

﴿ فَاتَّقُوا النَّارَ الَّتِي وَقُودُهَا النَّاسُ وَالْحِجَارَةُ أُعِدَّتْ لِلْكَافِرِينَ﴾

(البقرة:٢٤)

മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നര കാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. സത്യനി ഷേധികൾക്കു വേണ്ടി ഒരുക്കി വക്കപ്പെട്ടതാകുന്നു അത്. (അൽബഖറ-24)

നബി(സ) പറഞ്ഞു:

ناركم التي توقدون جزء من سبعين جزءا من نار جهنم، قالوا يا رسول الله: وإن كانت لكافية. قال: فإنها فضلت بتسع وستين جزءا كلها مثل حرها. (متفق عليه)

നിങ്ങൾ കത്തിച്ചുകൊണ്ടിരിക്കുന്ന തീ, നരകാഗ്നിയുടെ എഴുപ തിൽ ഒരംശം മാത്രമേയുള്ളു. സഹാബികൾ പറഞ്ഞു, റസൂലേ, (സത്യനിഷേധികളെ ശിക്ഷിക്കാൻ) ഈ തീ തന്നെ മതിയല്ലോ. ന ബി (സ) പറഞ്ഞു; നരകാഗ്നിക്ക് ഈ ലോകത്തുള്ള അഗ്നിയെ ക്കാൾ 69 ഇരട്ടി ശക്തിയുണ്ട്. ഓരോന്നും ലോകത്തുള്ള തീയി ൻെറ അത്രതന്നെ ചൂടുള്ളതാകുന്നു (ബുഖാരി-മുസ്ലിം).

നരകം ഏഴുതട്ടുകളാണ്. ഓരോതട്ടിലും അടുത്ത തട്ടിനേക്കാ ൾ കാഠിന്യമേറിയ ശിക്ഷയാണുള്ളത്.

മനുഷ്യരുടെ കുറ്റകൃത്യങ്ങ ൾക്കനുസരിച്ച് ഓരോതട്ടിലും കുറ്റവാളികൾ ഉണ്ടായിരിക്കും. കപ ട വിശ്വാസികൾ നരകത്തിൻെറ ഏറ്റവും കാഠിന്യമേറിയ അടിയി ലെ തട്ടിലായിരിക്കും. സത്യനിഷേധികൾക്കുള്ള നരകശിക്ഷ ശാ ശ്വതമായിരിക്കും. തീയിൽ കിടന്ന് അവർ കരിയുമ്പോൾ കൂടുതൽ കാഠിന്യമേറിയ ശിക്ഷയിലേക്കവർ മടക്കപ്പെടും. അല്ലാഹു പറ യുന്നു:

﴿ كُلَّمَا نَضِجَتْ جُلُودُهُمْ بَدَّلْنَاهُمْ جُلُوداً غَيْرَهَا ﴾ (النساء:٥٦)

അവരുടെ തൊലികൾ വെന്തുപോകുമ്പോളെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. (അന്നി സാഅ്-56)

﴿ وَالَّذِينَ كَفَرُوا لَهُمْ نَارُ جَهَنَّمَ لاَ يُقْضَى عَلَيْهِمْ فَيَمُوتُوا وَلاَ يُخَفَّفُ عَنْهُمْ مِّنْ عَذَابِهَا كَذَلِكَ نَجْزِي كُلَّ كَفُورٍ ﴾ (فاطر:٣٦)

അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി, അവരുടെ മേൽ മരണം വിധിക്കപ്പെടുന്നതല്ല, എങ്കിൽ അവർക്ക് മരി ക്കാമായിരുന്നു. അതിലെ ശിക്ഷയിൽനിന്ന് ഒട്ടും അവർക്ക് ഇളവ് ചെയ്യപ്പെടുകയുമില്ല. അപ്രകാരം എല്ലാ നന്ദി കെട്ടവ ർക്കും നാം പ്രതിഫലം നൽകുന്നു. (ഫാത്വിർ:36)

സത്യനിഷേധികൾ അതിൽ കയ്യാമം വക്കപ്പെടുകയും, കഴു ത്തിൽ ചങ്ങല ഇടപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു:

﴿ وَتَرَى الْمُجْرِمِينَ يَوْمَئِذٍ مُّقَرَّنِينَ فِي الأَصْفَادِ سَرَابِيلُهُمْ مِّنْ قَطِرَانٍ وَّ تَغْشَى وُجُوهَهُمُ النَّارُ ﴾ (إبراهيم:٤٩-٥٠)

*ആദിവസം കുറ്റവാളികൾ ചങ്ങലകളിൽ അന്യോന്യം ചേർ ത്ത് ബന്ധിക്കപ്പെട്ടതായിട്ട് നിനക്ക് കാണാം. അവരുടെ കു പ്പായങ്ങൾ കറുത്ത ടാർ (കീൽ) കൊണ്ടുള്ളതായിരിക്കും. അ വരുടെ മുഖങ്ങളെ തീ പൊതിയുന്നതുമാണ്. (ഇബ്രാഹീം:49-50)*

*നരകവാസികളുടെ ഭക്ഷണം സഖ്ഖൂം ആയിരിക്കും. അല്ലാഹു പറയുന്നു:*

﴿ إِنَّ شَجَرَةَ الزَّقُّومِ طَعَامُ الأَثِيمِ كَالْمُهْلِ يَغْلِي فِي الْبُطُونِ كَغَلْيِ الْحَمِيمِ ﴾ (الدخان:٤٣-٦)

*തീർച്ചയായും സഖ്ഖൂം വൃക്ഷമാകുന്നു (നരകത്തിൽ) പാപി യുടെ ആഹാരം. ഉരുകിയ ലോഹം പോലിരിക്കും (അതി ന്റെ കനി). ചൂടുവെള്ളം തിളക്കുന്നതു പോലെ അത് വയ റുകളിൽ തിളക്കും. (അദ്ദുഖാൻ:43-46)*

*നബി(സ) പറഞ്ഞു:*

لو أن قطرة من الزقوم قطرت في الدنيا لأفسدت على أهل الدنيا معايشهم فكيف بمن يكون طعامه. (الترمذي)

*സഖ്ഖൂമിൽ നിന്ന് ഒരുതുള്ളി ഭൂമിയിൽ വീണാൽ, അത് ഭൂമിയിലു ള്ളവരുടെ ജീവിതത്തെ ദുസ്സഹമാക്കും.*

*അപ്പോൾ അത് ഭക്ഷണമാ യി ലഭിക്കുന്നവൻെറ അവസ്ഥ എന്തായിരിക്കും! (തുർമുദി).*

*നരകശിക്ഷയുടെ കാഠിന്യവും, സ്വർഗ്ഗീയ സുഖവും നബി (സ) വിശദീകരിച്ചത് നോക്കൂ.*

يؤتى بأنعم أهل الدنيا من أهل النار يوم القيامة فيصبغ في النار صبغة ثم يقال له: يابن آدم، هل رأيت خيرا قط؟ هل مرّ بك نعيم قط؟ فيقول: لآ واللهِ يا ربِّ ! ويؤتى بأشدّ الناس بؤسا في الدنيا من أهل الجنة فيصبغ صبغة في الجنة فيقال له: يابن آدم هل رأيت بؤسا قط؟ هل مرّ بك شدّة قط؟ فيقول: لآ والله ما مرّ بي بؤس قطّ ولآ رأيتُ شدّةً قطُّ ! (مسلم)

*ലോകത്തിലെ ഏറ്റവും വലിയ സുഖലോലുപനായ ഒരു സത്യനി ഷേധിയെ കൊണ്ടു വന്ന് നരകത്തിൽ മുക്കിയെടുത്ത ശേഷം അ വനോട് ചോദിക്കപ്പെടും; നിനക്ക് ഒരനുഗ്രഹവും ലഭിച്ചിട്ടില്ലായിരു ന്നോ? അവൻ പറയും, ഇല്ല നാഥാ, അല്ലാഹുവാണ സത്യം. പി ന്നീട് സത്യവിശ്വാസികളിൽ പെട്ട ഒരു ദരിദ്രനെ കൊണ്ടുവന്ന് സ്വ ർഗ്ഗാനുഭൂതി ഒന്നു അനുഭവിപ്പിച്ച ശേഷം അവനോട് ചോദിക്ക പ്പെടും; നിനക്ക് വല്ല വിഷമവും അനുഭവപ്പെട്ടിരുന്നോ? അവൻ പറയും, ഇല്ല, നാഥാ, അല്ലാഹുവാണ സത്യം. എനിക്ക് ഒരു വിഷ മവും, ബുദ്ധിമുട്ടും അനുഭവപ്പെട്ടിട്ടില്ല. (മുസ്ലിം)*

*ലോകത്ത്‌വച്ച് അവൻ അനുഭവിച്ച എല്ലാ ദാരിദ്ര്യവും, നിർഭാ ഗ്യവും, വിഷമങ്ങളും സ്വർഗ്ഗത്തിലെ ഒരുമുക്കിയെടുക്കൽ കൊണ്ട് മറന്നു പോകും.*

## *സ്വർഗ്ഗം*

*അല്ലാഹുവിൻെറ നല്ലവരായ ദാസന്മാരുടെ സ്ഥിരതാമസ സ്ഥലമാണ് സ്വർഗ്ഗം. ഒരുകണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേട്ടിട്ടില്ലാത്തതും, ഒരുമനസ്സിനും സങ്കൽപിക്കാനും കഴിയാത്തതു മായ അനുഗ്രഹങ്ങളാണ് അതിലുള്ളത്. അല്ലാഹു പറയുന്നു:*

﴿ فَلاَ تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُمْ مِّنْ قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْلَمُونَ﴾ (السجدة:١٧)

*എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായി ക്കൊണ്ട്, കൺകുളിർക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അ വർക്കു വേണ്ടി രഹസ്യമാക്കി വക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാ ൾക്കും അറിയാവതല്ല. (സജദ:17)*

*സത്യ വിശ്വാസികളുടെ സൽകർമ്മങ്ങളുടെ തോതനുസരിച്ച് അവരുടെ സ്ഥാനങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. അല്ലാഹു പറയു ന്നു:*

﴿ يَرْفَعُ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ﴾ (المجادلة:١١)

*നിങ്ങളിൽ വിശ്വസിച്ചവരെയും, വിജ്ഞാനം നൽകപ്പെട്ടവ രെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. (അൽമുജാ ദില:11)*

*അതിൽ ഓരോരുത്തർക്കും ഇഷ്ടപ്പെട്ടത് തിന്നുകയും കുടിക്കു കയും ചെയ്യാം. സ്വർഗ്ഗത്തിൽ നല്ലരുചിയുള്ള കള്ളിൻെറ അരുവി കളും, തെളിഞ്ഞ തേനാറുകളും, രുചി വ്യത്യാസപ്പെടാത്ത പാൽ പു ഴകളും, സ്വാദും വാസനയും മാറാത്ത വെള്ളമുള്ള നദികളുമുണ്ട്. സ്വർഗ്ഗത്തിലെ മദ്യം ഇഹലോകത്തിലെ മദ്യം പോലെയല്ല. അല്ലാ ഹു പറയുന്നു:*

﴿ يُطَافُ عَلَيْهِمْ بِكَأْسٍ مِنْ مَّعِينٍ بَيْضَاءَ لَذَّةٍ لِّلشَّارِبِينَ لاَ فِيهَا غَوْلٌ وَّلاَ هُمْ عَنْهَا يُنْزَفُونَ ﴾ (الصافات:٤٥-٤٧)

*ഒരുതരം ഉറവുജലം നിറച്ച കോപ്പകൾ അവരുടെ ചുറ്റും കൊണ്ടുനടക്കപ്പെടും. വെളുത്തതും കുടിക്കുന്നവർക്ക് ഹൃദ്യ വുമായ പാനീയം. അതിൽ യാതൊരു ദോഷവുമില്ല. അതു നിമിത്തം അവർക്ക് ലഹരി ബാധിക്കുകയുമില്ല. (അസ്സ്വാഫ് ഫാത്:45-47)*

*സ്വർഗ്ഗത്തിൽ അവർക്ക് ഇണകളായി ഹൂറുൽഈൻ (വിശാലാ ക്ഷികൾ) ആയിരിക്കും ഉണ്ടാകുക. നബി (സ) പറഞ്ഞു:*

لو أن امرأة من أهل الجنة اطلعت على أهل الأرض لأضاءت ما بينهما - السماء والأرض ـ ولملأته ريحا.

*സ്വർഗ്ഗത്തിലുള്ള ഒരുസ്ത്രീ ഭൂമിയിലേക്കൊന്ന് എത്തിനോക്കിയാൽ ആകാശ ഭൂമികൾക്കിടയിൽ പ്രകാശവും സുഗന്ധവും നിറയും.*

*സ്വർഗ്ഗത്തിലുള്ള ഏറ്റവും വലിയ അനുഗ്രഹം അല്ലാഹുവിനെ ദർശിക്കലാണ്. സ്വർഗ്ഗവാസികൾ മലമൂത്ര വിസർജ്ജനം നടത്തു കയോ, തുപ്പുകയോ, മൂക്കു പിഴിയുകയോ ഇല്ല. അവരുടെ ചീർ പ്പുകൾ സ്വർണ്ണം കൊണ്ടുള്ളതും, വിയർപ്പ് കസ്തൂരിയുമായിരി ക്കും. അവരുടെ അനുഗ്രഹം അനുസ്യൂതമാണ്. നബി (സ) പറ ഞ്ഞു:*

من يدخل الجنة ينعم ولا يبأس ولا يبلى. ونصيب أقل أهل الجنة ـ وهو آخر من يخرج من النار ويدخل الجنة ـ خير من الدنيا كلها عشر مرات. (متفق عليه)

*സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവൻ അനുഗ്രഹീതനാണ്. അവന്ന് ക്ഷീ ണമോ, മറ്റോ അനുഭവപ്പെടുകയില്ല. സ്വർഗ്ഗത്തിൽ ഏറ്റവും കുറച്ച് അനുഗ്രഹങ്ങൾ ലഭിക്കുന്നവൻ, നരകത്തിൽ നിന്നും അവസാനമാ യി മോചിപ്പിക്കപ്പെട്ട്, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവനായിരിക്കും. അവൻെറ സ്വർഗ്ഗീയ സുഖം ഇഹലോകത്തിലെ മുഴുവൻ സുഖങ്ങ ളുടെയും പത്തിരട്ടിയായിരിക്കും. (ബുഖാരി- മുസ്‌ലിം)*

*അല്ലാഹു നമ്മെയെല്ലാം സ്വർഗ്ഗാവകാശികളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.*